## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1676 — 04.12.2018-ൽ മറുപടിയ്ക്ക്.

## പ്രളയക്കെടുതി നേരിടുന്നതിനായി സംയുക്തപദ്ധതികൾ

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. കെ.ജെ. മാക്സി | | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) | പ്രളയക്കെടുതി നേരിടുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാടിസ്ഥാനത്തിൽ പദ്ധതികൾ സംയുക്തമായി തയ്യാറാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) & (ബി) | പ്രളയക്കെടുതി നേരിടുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കുവാൻ തദ്ദേശഭരണസ്ഥാപനങ്ങളോട് പ്രത്യേകമായി ആവശ്യപ്പെട്ടിട്ടില്ല. മറിച്ച് പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ ഓരോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അവരുടെ നടപ്പുവാർഷിക പദ്ധതിയിൽ ആവശ്യമായ മാറ്റം വരുത്താൻ അനുവാദം നൽകിയിട്ടുണ്ട്. ഒപ്പം 2019-20 ലെ വാർഷിക പദ്ധതിയിൽ പുതിയ കേരളം കെട്ടിപ്പടുക്കുക എന്ന കാഴ്ചപ്പാട് മുൻനിർത്തി മുൻഗണന നിശ്ചയിക്കണമെന്നും പ്രോജക്ടുകൾ തെരഞ്ഞെടുക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി സംയുക്ത പ്രോജക്ടുകൾ ആവശ്യമാണെങ്കിൽ അത്തരം പ്രോജക്ടുകളും നടപടി ക്രമങ്ങൾ പാലിച്ച് ഏറ്റെടുക്കാവുന്നതാണ്. |
| (ബി) | ഇപ്രകാരം തയ്യാറാക്കുന്ന സംയുക്ത പ്രോജക്ടുകൾക്ക് അനുമതി നൽകാൻ ജില്ലാ വികസന സമിതികൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | | |

| | | | |
|---|---|---|---|
| (സി) | പ്രളയ ബാധിത പ്രദേശങ്ങളിലെ ശുചീകരണത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | 1.വെള്ളപ്പപ്പൊക്കത്തിൽ വീട്ടുവിട്ട് മാറി താമസിക്കേണ്ടിവന്നവരുടെ എല്ലാ വീട്ടുകളും, തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയും ചെളിയും മാലിന്യങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വത്തിൽ ശുചിത്വമിഷൻ, ഹരിതകേരളം തുടങ്ങിയവയുടെയും, പൊതുജന പിന്തുണയോടെയും ഏറ്റെടുത്ത് നടത്തി.<br><br>2.വെള്ളപ്പൊക്കത്തിൽ ജീവഹാനി സംഭവിച്ച മൃഗങ്ങളുടെ ശവശരീരങ്ങൾ പ്രത്യേകമായി മറവ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു.<br><br>3. ശുചീകരണത്തിനായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും വാർഡ് തലത്തിൽ വോളന്റിയേഴ്സ് ടീം രൂപീകരിച്ച് ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.<br><br>4 ആരോഗ്യ വകുപ്പിൽ നിന്നും ശുചീകരണത്തിനായി ബ്ലീച്ചിംഗ് പൗഡർ ഉൾപ്പെടെയുള്ള ശുചീകരണ സാമഗ്രികൾ ലഭ്യമാക്കി, ആരോഗ്യ വകുപ്പ് നിർദേശിക്കുന്ന രീതിയിൽ കിണറുകൾ ശുചീകരിച്ചു. പൊല്യൂഷൻ കൺട്രോൾ ബോർഡ് വഴി കുടിവെള്ള കിണറുകളുടെ ഗുണനിലവാര പരിശോധന നടത്തുകയുണ്ടായി.<br>5. വീട്ടുകളിലും, സ്ഥാപനങ്ങളിലും മറ്റും വെള്ളം കയറി ഉപയോഗശൂന്യമായ വസ്തുക്കളിൽ, ജൈവ മാലിന്യങ്ങൾ, അജൈവ മാലിന്യങ്ങൾ എന്നിവ വേർതിരിച്ച് ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും, അജൈവ |

| | | | |
|---|---|---|---|
| | | | മാലിന്യങ്ങൾ ശേഖരിച്ച് പ്രത്യേകമായി സൂക്ഷിച്ച് പിന്നീട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.<br>6. ദുരിതാശ്വാസ ക്യാമ്പുകളിൽ ടോയ് ലറ്റുകൾ, പ്രാദേശിക സങ്കേതം ഉപയോഗിച്ച് നിർമ്മിക്കുന്നതിനും യൂണിസെഫ്, മറ്റ് സ്വകാര്യ ഏജൻസികൾ എന്നിവരുമായി ബന്ധപ്പെട്ട് ബയോ ടോയ് ലറ്റുകൾ ക്യാമ്പുകളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു. അതിന്റെ ഫലമായി 300 ബയോടോയ് ലറ്റുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ലഭ്യമാക്കുന്നതിന് സാധിച്ചു.<br>7.ദുരിതാശ്വാസ ക്യാമ്പുകളിലെ ജൈവ മാലിന്യങ്ങൾ ഏറ്റവും ആദ്യം സംസ്കരിക്കുവാനും ആയവ വെള്ളക്കെട്ടില്ലാത്ത സ്ഥലത്ത് സംസ്കരിക്കുന്നതിന് ആവശ്യമായ ശാസ്ത്രീയ രീതിയും സഹായവും ലഭ്യമാക്കി.<br>8.ദുരിതാശ്വാസ ക്യാമ്പുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കിയതിന്റെ ഭാഗമായി സ്റ്റീൽ പാത്രങ്ങൾ ഉൾപ്പെടെയുള്ള പുനരുപയോഗ വസ്തുക്കൾ ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു.<br>9.2018 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 2 വരെയുള്ള കാലയളവിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും തീവ്ര ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. പ്രളയാനന്തര തീവ്ര ശുചീകരണ പ്രവർത്തനങ്ങൾ പഞ്ചായത്ത് ഡയറക്ടറേറ്റ് മുഖാന്തിരം ദിവസേന മോണിറ്ററിംഗ് നടത്തുകയും, ഇതുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗ നിർദേശങ്ങൾ ഗ്രാമ പഞ്ചായത്തുകൾക്ക് |

| | | | |
|---|---|---|---|
| | | | നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | കുടിവെള്ള സ്രോതസ്സുകൾ ശുചീകരിക്കുന്നതിനും അവയുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനും പരിശീലനം ലഭിച്ച വോളന്റിയർമാരെ നിയോഗിക്കാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്. ഹരിതകേരള മിഷന്റെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും നേതൃത്വത്തിൽ പ്രളയബാധിത ജില്ലകളിലെ കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് വോളന്റിയർമാരെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം ശുചീകരണ സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയം അധികമായി ബാധിച്ച പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിലെ കിണർ വെള്ളത്തിന്റെ ഗുണനിലവാരം രണ്ട് ഘട്ടങ്ങളിലായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വിലയിരുത്തുകയും ഇത് സംബന്ധിച്ച് പരിശോധനാ റിപ്പോർട്ട് അതാത് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ